**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2224**

**17.06.2014-ലെ മറുപടിയ്ക്ക്**

# കൊണ്ടോട്ടി മണ്ഡലത്തിൽ വ്യവസായവികസനത്തിനായി കിൻഫ്രാ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണിഹാജി | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കൊണ്ടോട്ടി മണ്ഡലത്തിൽ വ്യവസായ വികസനത്തിനായി കിൻഫ്രാ ഏതെങ്കിലും പദ്ധതി കളാവിഷ്കരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇതിനായി സ്ഥലം കണ്ടുവച്ചി ട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ; | (എ) + (ബി) ഉണ്ട്. വ്യവസായ വികസന മേഖല (IDZ) പദ്ധതിക്ക് കീഴിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിലേക്കുവേണ്ടി ഏറനാട് താലൂക്കിലെ പുളിക്കൽ, വാഴക്കാട്, എന്നീ വില്ലേജുകളിലായി സ്ഥിതി ചെയ്യുന്നതും ഒന്നായി കിടപ്പുള്ളതുമായ 150 ഏക്കർ ഭൂമി കിൻഫ്ര കണ്ടെത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഗ്രാമസഭയും തദ്ദേശവാസികളും എതിർപ്പ് പ്രകടിപ്പിച്ചതിനാൽ ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ രമ്യമായി പരിഹരിച്ചതിനുശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |
| (സി) വാഴക്കാട് ചെരുപ്പ ഫാക്ടറി സ്ഥാപിക്കുന്നതിലേക്കായി എന്തെങ്കിലും നടപടി സ്വീകരി ച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) വാഴക്കാട് ചെരുപ്പ് നിർമ്മാണ വ്യവസായത്തിനായി കണ്ടെത്തിയ ഭൂമിയിലുടനീളം നിലവിൽ യന്ത്ര സഹായത്തോടെ വ്യാപകമായ തോതിൽ ലാറ്ററൈറ്റ് ഖനനം നടത്തിയതിന്റെ ഫലമായി അഗാധമായ ഗർത്തങ്ങൾ രൂപപ്പെട്ടിരിക്കുന്നതിനാൽ പ്രയോജനക്ഷമതയോടെയുള്ള ഒരു പാർക്ക് സ്ഥാപിക്കുന്നതിന് പ്രസ്തുത ഭൂമി ഇപ്പോൾ ഒട്ടും പര്യാപ്തമല്ല. ഇക്കാര്യങ്ങൾ കിൻഫ്ര ബോർഡ് പരിശോധിക്കുകയും ലാൻഡ് അക്വിസിഷൻ നടപടികൾ തുടരേണ്ടതില്ലന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ